"To be a model family fellowship based on spirituality, heritage, kinship & love"

# AFF NEWS LETTER

## ALUNKAL FAMILY FELLOWSHIP

### KANDANAD

*(For private circulation among members only)*

(Reg. No. ER 184/08

Website: www.alunkal.com | Email: info@alunkal.com

Vol. 13 No. 1 | March 2024

**Editor's column:**

## Reflecting on Our Roots and Renewal

Dear Alunkal Family Fellowship Members,

It brings me immense joy and pride to extend my warmest greetings to all of you as we embark on this exciting journey of reviving our beloved Alunkal Family Fellowship Newsletter. With the newly appointed editorial members under the leadership of Mr. K V Mohandas Kattezhath, I am honoured to be entrusted with the responsibility of reviving our AFF Newsletter.

First and foremost, allow me express our deepest gratitude to our Late forebearers, Mr. A M Thomas, Mrs. Saramma Kurian and Mr. A C Kunjukunju, whose vision and values laid the foundation upon which our fellowship stands today. Their unwavering commitment to family unity, love and support and their strong value system inspire us and guide our actions as we move forward. It is their legacy that we strive to honour with each edition of our newsletter, keeping alive the spirit of togetherness that has defined us for generations.

I would also like to take this opportunity to extend our gratitude to the Former President of our Alunkal Family Fellowship, Dr. A C Paul, who has dedicated his time, energy and expertise to the betterment of our fellowship. As we embark on the revival of our cherished newsletter, it is with a profound sense of appreciation that we recognize the pivotal role played by Dr. A C Paul and his editorial colleagues in bringing the Alunkal Family Fellowship Newsletter to life. I also want to take a moment to express our heartfelt gratitude to the dedicated members of our Executive Committee of the Alunkal Family Fellowship in the past years. Their hard work and dedication have not gone unnoticed; and it is for thanking their efforts that we find ourselves in a position to relaunch our newsletter today. We owe them a debt of gratitude for their service and commitment to our family.

As we look ahead to the future of the Alunkal Family Fellowship Newsletter, let us do so with a renewed sense of purpose and enthusiasm. Let us use this platform to celebrate our achievements, share our stories, embark on our life events and strengthen the bonds that unite us as a family. Together, we can ensure that our newsletter is a beacon of light, guiding us through life's ups and downs with love, laughter and support.

I am incredibly excited to embark on this journey with each and every one of you and I look forward to seeing our newsletter flourish once again.

Prof. (Dr.) Suresh Mathew, Chief Editor, Alunkal Family Fellowship Newsletter.

## എഡിറ്ററുടെ പംക്തി - നമ്മുടെ വേരുകളുടെ പ്രതിഫലനവും പുതുക്കലും

പ്രിയപ്പെട്ട ആലുങ്കൽ ഫാമിലി ഫെലോഷിപ്പ് അംഗങ്ങളെ,

ആലുങ്കൽ ഫാമിലി ഫെലോഷിപ്പിന്റെ ഏറ്റവും പ്രിയമുള്ള ന്യൂസ്ലെറ്റർ പുനർ ജീവിപ്പിക്കുന്ന ആവേശകരമായ യാത്ര ആരംഭിക്കുന്ന ഈ അവസരത്തിൽ നിങ്ങൾക്കെല്ലാവർക്കും എന്റെ ധാരാളമായ അഭിനന്ദനങ്ങൾ അർപ്പിക്കുന്നതിൽ എനിക്ക് ഏറെ സന്തോഷവും അഭിമാനവും നൽകുന്നു. കാട്ടേഴത്ത് ശ്രീ. കെ വി മോഹൻദാസിന്റെ നേതൃത്വത്തിൽ പുതുതായി രൂപീകരിക്കപ്പെട്ട എഡിറ്റോറിയൽ സംഘത്തോടൊപ്പം ഏ.എഫ്.എഫ് ന്യൂസ്ലെറ്റർ പുനർ ജീവിപ്പിക്കുന്ന ചുമതല എന്നിൽ നിക്ഷിപ്തമായതിൽ ഞാൻ ആദരണീയനാണ്.

ആരംഭത്തിൽതന്നെ, ഏറ്റവും പ്രമുഖമായി തമ്മുടെ ദിവംഗതരായ മുൻഗാമികളായ ശ്രീ. ഏ എം തോമസ്, ശ്രീമതി. സാറാമ്മ കുര്യൻ, ശ്രീ ഏ സി കുഞ്ഞൂഞ്ഞ് എന്നിവർക്ക് നമ്മുടെ അഗാധമായ കൃതജ്ഞത അർപ്പിക്കുവാൻ എന്നെ അനുവദിക്കണം, എന്തെന്നാൽ അവരുടെ ദീർഘവീക്ഷണവും മൂല്യങ്ങളും നൽകിയ അടിത്തറയിലാണ് നമ്മുടെ കൂട്ടായ്മ ഇന്ന് നിലകൊള്ളുന്നത്. കുടുംബത്തിലെ ഒത്തൊരുമ, സ്നേഹം, ആശ്രയം എന്ന്വയിലെ അവരുടെ അചഞ്ചലമായ പ്രതിബദ്ധതയും അവരുടെ ശക്തമായ മൂല്യ സംവിധാനവും നമുക്ക് പ്രചോദനം നൽകുകയും അവരുടെ പൈതൃകത്തിൽ ഈ ന്യൂസ്ലെറ്ററിന്റെ ഓരോ പതിപ്പിലൂലെയും നമ്മുടെ പരമ്പരകളിലൂടെ നിർവ്വചിച്ച ഒത്തൊരുമയുടെ സചേതനമായ ചൈതന്യം ഉൾക്കൊണ്ട് പ്രയാണം നടത്തുവാൻ നമ്മെ വഴിനടത്തുകയും ചെയ്യും.

ആലുങ്കൽ ഫാമിലി ഫെലോഷിപ്പിന്റെ പൂർവ്വ പ്രസിഡന്റ് ഡോ. ഏ സി പോളിന്, അദ്ദേഹം ഈ സംഘടനയുടെ ഉന്നമനത്തിനായി അർപ്പണം ചെയ്ത സമയത്തിനും, ഊർജ്ജത്തിനും, നൈപുണ്യത്തിനും കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. നമ്മുടെ പരിലാളനാപാത്രമായ ന്യൂസ്ലെറ്റർ പുനർജീവിപ്പിക്കുക എന്ന ഉദ്യമത്തിൽ ഏർപ്പെടുമ്പോൾ ഡോ. ഏ സി പോളും അദ്ദേഹത്തിന്റെ എഡിറ്റോറിൽ സഹപ്രവർത്തകരും ആലുങ്കൽ ഫാമിലി ഫെലോഷിപ്പ് ന്യൂസ്ലെറ്ററിന് ജീവൻ നൽകുന്നതിന് വഹിച്ച പരമമായ ധർമ്മം ഉന്നതമായ മതിപ്പോടെ മാത്രമെ നമുക്ക് അംഗീകരിക്കുവാനാകു. മുൻകാലങ്ങളിൽ ആലുങ്കൽ ഫാമിലി ഫെലോഷിപ്പിന്റെ ഭരണസമിതി അംഗങ്ങളായി സമർപ്പണ ബോധത്തോടെ പ്രവർത്തിച്ച ഓരോത്തരോടുമുള്ള എന്റെ ഹൃദയംഗമമായ നന്ദി അറിയിക്കുന്നതിന് ഞാൻ ഒരു നിമിഷം വിനിയോഗിക്കുന്നു. അവരുടെ കഠിനാധ്വാനവും അർപ്പണവും കാണാതെ പോകുവാൻ സാദ്ധ്യമല്ല. അവരുടെ പരിശ്രമങ്ങളെ കൃതാർത്ഥതയോടെ സ്മരിക്കുന്നതിനാണ് നമ്മൾ ന്യൂസ്ലെറ്റർ ഇന്ന് പുനഃപ്രസിദ്ധീകരിക്കുവാൻ തുനിയുന്നത്. ഈ കുടുംബത്തോട് അവർ പ്രകടിപ്പിച്ച സേവനത്തിനും പ്രതിബദ്ധതക്കും നാം കടപ്പെട്ടിരിക്കുന്നു.

ആലുങ്കൽ ഫാമിലി ഫെലോഷിപ്പ് ന്യൂസ്ലെറ്ററിന്റെ ഭാവിയിലേക്ക് നാം ഉറ്റുനോക്കുമ്പോൾ ഒരു നവ ഉൽസാഹവും നിശ്ചയവും കലർന്ന അവബോധത്തോടെ ആയിരിക്കണം നാം അതിനെ സമീപിക്കേണ്ടത്. നമുക്ക് ഈ രംഗം നമ്മുടെ നേട്ടങ്ങൾ ആഘോഷിക്കുവാനും, സംഭവങ്ങൾ പങ്കുവെക്കുന്നതിനും, നമ്മുടെ ജീവിത സന്ദർഭങ്ങളിൽ പങ്കുചേർന്ന് നമ്മളെ ഒരു കുടുംബമായി നിലനിർത്തുന്ന സ്നേഹബന്ധം ഊട്ടി ഉറപ്പിക്കുവാനും നമുക്ക് കഴിയുമാറാക്കണം. ഒരുമയോടെ നിന്നാൽ നമ്മുടെ ന്യൂസ്ലെറ്റർ നമുക്ക് ജീവതത്തിലെ നിമ്നോന്നതികളിൽ സ്നേഹം, സന്തോഷം, പിന്തുണ എന്ന സാഹചര്യങ്ങളിൽ ഒരു പ്രകാശധാരയായി തീരും.

ഈ യാത്രയിൽ നിങ്ങൾ ഓരോരുത്തരോടുമൊപ്പം ഞാനും അതീവ ഉണർവിലാണ്. നമ്മുടെ ന്യൂസ്ലെറ്റർ തഴച്ചു വളരുന്നതിനായി ഞാൻ കാത്തിരിക്കുകയും ചെയ്യുന്നു.

ഊഷ്മളമായ ബഹുമതികളോടെ

പ്രൊഫ. (ഡോ) സുരേഷ് മാത്യു, ചീഫ് എഡിറ്റർ, ആലുങ്കൽ ഫാമിലി ഫെലോഷിപ്പ് ന്യൂസ്ലെറ്റർ

---

## 2024 വർഷത്തെ വാർഷിക പൊതുയോഗത്തിന്റെ റിപ്പോർട്ട്

ആലുങ്കൽ ഫാമിലി ഫെലോഷിപ്പിന്റെ 24-ാം വാർഷിക സമ്മേളനം 2024 ജനുവരി 28-ന് ഞായറാഴ്ച രണ്ടു മണിക്ക് കണ്ടനാട് സെന്റ് സക്രള്ള മോർ ബെസേലിയോസ് സെന്ററിൽ ആരംഭിച്ചു. രജിസ്ട്രേഷനും കുടുംബാംഗങ്ങളുടെ സ്നേഹ സംഗമത്തിനും ശേഷം ഉച്ചകഴിഞ്ഞ് 3 മണിക്ക് മീറ്റിംഗ് ആരംഭിച്ചു.

ശ്രീമതി. ജോമി എൽദോയുടെ പ്രാർത്ഥനാ ഗാനത്തിനു ശേഷം ശ്രീമതി. ലില്ലി വർഗീസും, ശ്രീമതി. ജോമി എൽദോയും, നമ്മളിൽ നിന്നും പോയ വർഷവും ഇതുവരെയും, വാങ്ങിപ്പോയ ശ്രീമതി. മോളി ഫിലിപ്പ്, ശ്രീ. ജോൺ ടി ചാക്കോ, ശ്രീ. ഡേവിഡ് ജോൺ, ഡീക്കൻ എബ്രാഹം ആലുങ്കൽ എന്നിവർക്കു വേണ്ടി ശ്രദ്ധാഞ്ജലി അർപ്പിച്ചു. പ്രസിഡന്റിനൊപ്പം എല്ലാവരും ഒരു മിനിറ്റ് എഴുന്നേറ്റു നിന്ന് വേർപെട്ടവരുടെ ആത്മാക്കൾക്കായി പ്രാർത്ഥന നടത്തി.



ഏ.എഫ്.എഫ് പ്രസിഡന്റ് ഡോ. സുരേഷ് മാത്യു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ഏലിയാസ് എബ്രാഹം, സ്റ്റേജിലും സദസ്സിലും കൂടിയ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അടുത്ത കാലയളവിൽ നമ്മിൽനിന്നും വിട്ടുപോയ ഡീക്കൻ എബ്രാഹാം ആലുങ്കൽ ഉൾപ്പെടെ വേർപിരിഞ്ഞ 4 അംഗങ്ങളുടെ വേർപാടിൽ ദുഃഖം രേഖപ്പെടുത്തുകയും അവരുടെ കുടുംബാംഗങ്ങളോട് പ്രത്യേകം അനുശോചനം അറിയിക്കുകയും ചെയ്തു. കൂടാതെ മൺമറഞ്ഞുപോയ നമ്മുടെ മഹാരഥന്മാരുടെ സേവനങ്ങളും അവർ നമുക്ക് പകർന്നു നൽകിയ മൂല്യങ്ങളെയും, പ്രത്യേകിച്ച് ആലുങ്കൽ അച്ചൻ കണ്ടനാട് പള്ളിക്കു ചെയ്ത മഹത്തായ സംഭാവനകളെയും ശ്രീ. ഏലിയാസ് എടുത്തു പറഞ്ഞു.



തുടർന്ന് അഭിവന്ദ്യ തിരുമേനിയുടെ അഭാവത്തിൽ അദ്ധ്യക്ഷൻ ഡോ. സുരേഷ് മാത്യു നിലവിളക്ക് തെളിയിച്ച് യോഗം ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിച്ചു. സംഘടനയുടെ വാർഷിക യോഗത്തിൽ കൂടുതൽ കുടുംബാംഗങ്ങൾ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത ഊന്നി പറയുകയും അടുത്ത വർഷം മുതൽ കൂടുതൽ അംഗങ്ങൾ പങ്കെടുക്കുന്നതിനുള്ള പ്ലാനുകൾ ഏ.എഫ്.എഫ് ഭാരവാഹികൾ ഉണ്ടാക്കേണ്ടിയിരിക്കുന്നുവെന്നും ആഹ്വാനം ചെയ്തു.




ഏ.എഫ്.എഫ് സംരംഭത്തിന്റെ സ്ഥാപക ശില്പികളായ ശ്രീ. ഏ എം തോമസ്, ശ്രീമതി. സാറാമ്മ കുര്യൻ, ശ്രീ. ഏ സി കുഞ്ഞുഞ്ഞ് എന്നിവരുടെ സംഭാവനകളെ എടുത്തു പറയുകയും അവരുടെ പാത നാം അനുഗമിക്കേണ്ടതിന്റെ ആവശ്യകതയും ഡോ. സുരേഷ് എല്ലാവരെയും ഓർമ്മപ്പെടുത്തി.



തുടർന്ന് ജനറൽ സെക്രട്ടറി ശ്രീ. ജെയിംസ് തോമസ്, 2023 വർഷത്തെ പ്രവർത്തന റിപ്പോർട്ടും ട്രഷറർ ശ്രീ. പോൾ മാത്യു അതേ വർഷത്തെ ധന വിനിയോഗ റിപ്പോർട്ടും അവതരിപ്പിച്ചു. രണ്ടു റിപ്പോർട്ടും യോഗം ഐകകണ്ഠേന പാസാക്കി.





പിന്നീട് പ്രൊഫ. ജോയ് സ്ലീബാ, ഏ എം തോമസ് മെമ്മോറിയൽ പ്രഭാഷണം നടത്തി. ആലുങ്കൽ കുടുംബത്തെ "അമ്മവീട്"എന്നു വിളിക്കുവാനാണ് തനിക്ക് കൂടുതൽ ഇഷ്ടമെന്നും, പഴയ കാലങ്ങളിൽ അമ്മവീട്ടിൽ വന്നുപോകുന്ന അനുഭവങ്ങൾ മറക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു. കുടുംബ സന്ദർശനങ്ങൾക്കും കൂട്ടായ്മക്കും ഏ എം തോമസ് ചാച്ചൻ കൊടുത്തിരുന്ന പ്രാധാന്യം എടുത്തു പറയുകയുണ്ടായി. ആ പാത നാം അനുധാവനം ചെയ്യേണ്ടതിന്റെ ആവശ്യം നമ്മളെ ഓർമ്മിപ്പിക്കുകയും ചെയ്തു. അതിനു കളമൊരുക്കുന്നതിന് ഏറ്റവും പറ്റിയ പ്രസ്ഥാനമാണ് ഏ.എഫ്.എഫ് എന്ന് എടുത്തു പറയുകയുണ്ടായി.





തുടർന്ന് 90 അനുഗ്രഹീത വർഷങ്ങൾ പിന്നിട്ട ശ്രീമതി. ചിന്നമ്മ കുഞ്ഞൂഞ്ഞ് (ആലുങ്കൽ, കോട്ടയം) 80 വർഷം പിന്നിട്ട ശ്രീമതി. മോളി ജേക്കബ് (പുതുശ്ശേരി, പാലാരിവട്ടം) എന്നിവരുടെ ഒരു ലഘു ചരിത്രം ശ്രീ. മോഹൻദാസ് സദസ്സിന് വായിച്ചു കൊടുത്തു. സദസ്സിൽ സന്നിഹിതയായിരുന്ന ശ്രീമതി. ചിന്നമ്മ അമ്മായിക്ക് വർക്കിംഗ് പ്രസിഡന്റ് ശ്രീ. ഏലിയാസ് എബ്രാഹവും ശ്രീ. അവിരാ വർഗീസും ചേർന്ന് പൊന്നാട അണിയിച്ച് ആശ്ലേഷിക്കുകയും ചെയ്തു.

**പ്രത്യേക ആദരവ്**

**ഡോ. ഏ സി പോൾ**



ഏ.എഫ്.എഫ് പ്രസിഡന്റ് സ്ഥാനത്തു നിന്നും റിട്ടയർ ചെയ്ത് സംഘടനയുടെ മെന്ററായി തുടരുന്ന ഡോ. ഏ സി പോളിന് ഫോട്ടോ പതിപ്പിച്ച ഒരു മെമന്റോയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ വിവരിക്കുന്ന ഒരു സാക്ഷ്യപത്രവും അദ്ദേഹത്തിന്റെ ഭവനത്തിൽ വച്ചു നടന്ന നാലാമതു എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിൽ പ്രസിഡന്റ് പ്രൊഫ. (ഡോ) സുരേഷ് മാത്യുവും ശ്രീ. അവിരാ വർഗീസും ശ്രീ. ഏലിയാസ് എബ്രാഹവും ചേർന്ന് ഡോ. ഏ സി പോളിനു സമർപ്പിക്കുകയും അദ്ദേഹത്തിന് ആയുരാരോഗ്യം നേരുകയും ചെയ്തു.

**ശ്രീ. അവിരാ വർഗീസ്**



ഏ.എഫ്.എഫ് സംഘടനയുടെ തുടക്കം മുതൽ ഇന്നു വരെയും നെഞ്ചോടു ചേർത്ത് പരിചരിച്ചു വരുന്ന ശ്രീ. അവിരാ വർഗീസ് കഴിഞ്ഞ വർഷം കമ്മറ്റിയിൽ നിന്നും റിട്ടയർ ചെയ്ത് സംഘടനയുടെ മെന്റർ ആയി പ്രവർത്തിച്ചു വരുന്നു. അദ്ദേഹത്തോടുള്ള ബഹുമാന സൂചകമായി ഫോട്ടോ പതിച്ച ഒരു ഫലകവും, ലഘുവായ ജീവചരിത്രം പ്രിന്റു ചെയ്ത ലേഖനവും ഡോ. സുരേഷ് മാത്യുവും ശ്രീ. ഏലിയാസ് എബ്രാഹവും ചേർന്ന് ശ്രീ. അവിരാ വർഗീസിന് സമർപ്പിക്കുന്ന ദൃശ്യം സദസ്സിന് ഏറ്റവും പ്രീതികരമായി തോന്നി. മറുപടിയായി ശ്രീ. അവിരാ വർഗീസ് തന്റെ സേവനം ഇനിയും മുന്നോട്ട് തുടരുമെന്നും, കൂടുതൽ ആളുകൾ ഈ കൂട്ടായ്മയിലേക്ക് വരും കാലങ്ങളിൽ വന്നു സംബന്ധിക്കണമെന്നും എല്ലാവരെയും പ്രോത്സാഹിപ്പിക്കുകയും തനിക്ക് ലഭിച്ച ബഹുമതിക്ക് നന്ദി പറയുകയും ചെയ്തു.

ശ്രീമതി. സപ്പീറാ എബ്രാഹാം, ശ്രീ. ഏ ഏ അവിര, ശ്രീമതി. സാറാമ്മ വർഗീസ്, ശ്രീമതി. സാറാമ്മ കുര്യൻ, ശ്രീ. ഏ ഐ കുര്യൻ എന്നവരുടെ പേരിലുള്ള എഡ്യുക്കേഷണൽ എൻഡോവ്മെന്റ് തുക കുടുംബാഗമായ +2 സ്റ്റാന്റേഡിലെ ജോൺ റെജിക്ക് സമ്മാനിച്ചു.

തുടർന്ന് ശ്രീമതി. ലൗലിപോൾ, ശ്രീ. ഏ വി മത്തായി, ശ്രീമതി. അച്ചാമ്മ പീറ്റർ, മിസ്. ഷീജ പീറ്റർ എന്നിവരുടെ പേരിലുള്ള മെഡിക്കൽ എൻഡോവ്മെന്റ്, പെട്ടെന്നുണ്ടായ ഒരു ബൈക്ക് അപകടത്തെ തുടർന്ന് ചികിസയിലായ നമ്മുടെ തന്നെ അംഗമായ ശ്രീ. ഏ എം യോഹന്നാന് ഏതാനും ആഴ്ച മുമ്പ് കൈമാറിയ വിവരം ശ്രീ. അവിരാ വർഗീസ് സദസ്സിനെ അറിയിച്ചു.

ശ്രീ. എം പി ജെയിംസ് (മൂത്താരിൽ) വരണാധികാരിയായി 2024 വർഷത്തെ പ്രവർത്തന സമിതിയെ തെരഞ്ഞെടുത്തു. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

1. പ്രൊഫ (ഡോ.) സുരേഷ് മാത്യു - പ്രസിഡന്റ്
2. ശ്രീ. ഏലിയാസ് അബ്രാഹം - വർക്കിംഗ് പ്രസിഡന്റ്
3. ശ്രീ. കെ വി മോഹൻദാസ് - വൈസ് പ്രസിഡന്റ്
4. ശ്രീമതി. സാനുബാ കുര്യൻ - വൈസ് പ്രസിഡന്റ്
5. ശ്രീ. ജെയിംസ് തോമസ് - ജനറൽ സെക്രട്ടറി
6. ശ്രീമതി. ലില്ലി വർഗീസ് - പ്രോഗ്രാം സെക്രട്ടറി
7. ശ്രീ. ബാബു കാവനാൽ - ഓർഗനൈസേഷൻ സെക്രട്ടറി
8. ശ്രീ. പോൾ മാത്യു - മാനേജിംഗ് ട്രഷറർ
9. ശ്രീ. ഏ ഏ എബ്രാഹം - അംഗം
10. ശ്രീ. ഏ ബി ഷെറിൻ - അംഗം
11. ശ്രീ. ഏ എം യോഹന്നാൻ - അംഗം
12. ശ്രീ. അരുൺ പോൾ - അംഗം
13. ശ്രീ. എൽദോ വിനോയ് - അംഗം
14. ശ്രീ. അരുൺ രാജ് - അംഗം
15. ശ്രീമതി. ആനി ബെന്നി - അംഗം

16. ശ്രീ. സാജു ജോൺ - അംഗം
17. ശ്രീമതി. സബിത ഷെറിൻ - അംഗം
18. ശ്രീമതി. രശ്മി അരുൺ - അംഗം

ശ്രീ. അനൂപ് പോൾ, ഓഡിറ്ററായും, ഡോ. ഏ സി പോളും, ശ്രീ. അവിരാ വർഗീസും മെന്റർമാരായും പ്രവർത്തിക്കുന്നു.

യോഗത്തിനിടയിൽ രണ്ടു മൂന്നു ഘട്ടങ്ങളിലായി കുഞ്ഞുങ്ങളുടെ വിഭാഗത്തിൽ ഹേസ്സൽ മറിയം എൽദോയുടെ പാട്ടും, ഡാൻസും, ജോമി എൽദൊ, സുനിതാ കുര്യാക്കോസ് എന്നിവരുടെ ഗാനങ്ങളും, സ്റ്റേജിൽ അവതരിപ്പിച്ചത് എല്ലാവരും ആസ്വദിച്ചു.

പതിവു പോലെ ശ്രീ. ഏ സി കുഞ്ഞുകുഞ്ഞ്, ശ്രീ. ഏ സി ബേബി മെമ്മോറിയൽ ലക്കി ഡിപ്പ് നടത്തിയതിൽ ശ്രീ. കെ എം ശ്രീമോൻ, ശ്രീമതി. ദിവ്യ റെജി എന്നിവർ സമ്മാനം നേടുകയുണ്ടായി.

ശ്രീ. ഏ എം യോഹന്നാൻ എല്ലാവർക്കും നന്ദി പ്രകാശനം നടത്തി. ചായ സൽക്കാരത്തോടെ യോഗം 5.30 മണിക്ക് അവസാനിച്ചു.

ജെയിംസ് തോമസ് ആലുങ്കൽ, ജനറൽ സെക്രട്ടറി

---

## ശ്രദ്ധാഞ്ജലി

### ഡീക്കൻ എബ്രാഹം ആലുങ്കൽ



കണ്ടനാട് ആലുങ്കൽ പുത്തൻപുരയിൽ ശ്രീ. ഏ ഏ അവിരയുടെയും ശ്രീമതി. ശോശാമ്മ അവിരയുടെയും മകനായി 17/05/1935-ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം തൃപ്പൂണിത്തുറ ബോയ്സ് സ്കൂളിലും, ഇന്റർമീഡിയറ്റ് എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിലും നടന്നു. മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ അക്കൗണ്ടൻസി യിൽ നിന്നും ഡിപ്ലോമാ എടുത്ത ശേഷം മദ്രാസ്, കൽക്കട്ട, എറണാകുളം എന്നി വിടങ്ങളിൽ ജോലിചെയ്തു.

കോലഞ്ചേരി കുന്നത്ത് ശ്രാന്തോട്ടത്തിൽ ശ്രീമതി. അന്നമ്മയുമായുള്ള വിവാഹ ശേഷം രണ്ടുപേരും കൂടി അമേരിക്കയിലേക്ക് ജോലിക്കായി പോയി. ഏതാണ്ട് 47 വർഷമായി അവിടെ സ്ഥിരതാമസം ആയിരുന്നു. ചേട്ടന് രണ്ട് പെൺമക്കളാണ്. സൂസൻ ആലുങ്കൽ, ഡോ. മേരി ആലുങ്കൽ. രണ്ടുപേരും അവിടെ കുടുംബമായി താമസ്സിക്കുന്നു.

ചേട്ടൻ ശെമ്മാശപട്ടം (കൂറോയോ) സ്വീകരിച്ചത് അഭിവന്ദ്യ മോറാൻ മോർ ഇഗ്നാത്തിയോസ് സക്ക പ്രഥമൻ പാത്രിയർക്കീസ് ബാവയിൽ നിന്നാണ്. പഠിക്കുവാനുള്ള സാഹചര്യം ഇല്ലാതിരുന്നതിനാൽ അച്ചൻ പട്ടം സ്വീകരിച്ചില്ല.

നമ്മുടെ ഏ.എഫ്.എഫ്-ന്റെ ആദ്യ പേട്രൺ അംഗം ഡീക്കൻ അബ്രാഹം ആലുങ്കൽ ആണെന്നുള്ളതാണ് വസ്തുത. കൂടാതെ ആദ്യമായി ഏ.എഫ്.എഫിന് ചാരിറ്റബിൾ എൻഡോവ്മെന്റും തുടങ്ങിവെച്ചത് ചേട്ടനാണ്. 2013-ൽ നാട്ടിൽ വരുമ്പോൾ ഏ.എഫ്.എഫ് മീറ്റിംഗിൽ പങ്കെടുക്കുകയും 75-ാം വയസ്സിലെ ആദരിക്കൽ നടത്തുകയും ചെയ്തു. ഏ.എഫ്.എഫിന്റെ മുൻ പ്രസിഡന്റ് ഡോ. ഏ സി പോളിനെ ചേട്ടൻ എപ്പോഴും ബന്ധപ്പെടുകയും ഏ.എഫ്.എഫിന്റെ കാര്യങ്ങൾ താൽപര്യത്തോടെ തിരക്കുകയും ചെയ്തു വന്നിരുന്നു. ഏഎഫ്.എഫിലേക്ക് ചേട്ടൻ ഒരു ലക്ഷത്തില ധികം രൂപ സംഭാവന നൽകിയിട്ടുണ്ട് എന്നത് ഏ.എഫ്.എഫ് നന്ദിയോടെ സ്മരിക്കുന്നു.

ഒരു മാസമായി വാർദ്ധക്യ സഹജമായ ക്ഷീണവും അസുഖവും ബാധിച്ച് 88-ാം വയസ്സിൽ 2024 ജനുവരി 11-ന് ചേട്ടൻ കർത്തൃസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. സംസ്ക്കാരം അമേരിക്കയിൽ പോർട്ട്ലാൻഡിലെ സെന്റ് ഇഗ്നേഷ്യസ് ഓഫ് ആന്റിയോക് പള്ളിയിൽ നടത്തി.

ഏ.എഫ്.എഫ് ചേട്ടന്റെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

### ശ്രീ. ഡേവിഡ് ജോൺ



കാഞ്ഞിരമറ്റം കൊളുത്താക്കോട്ടിൽ യോഹന്നാന്റെയും ഏലിയാമ്മയുടെയും മക നായി 1959 ഏപ്രിൽ 19-ന് ജനിച്ചു. പുത്തൻകാവ് സ്കൂളിൽ പഠനം കഴിഞ്ഞതിനു ശേഷം തലയോലപ്പറമ്പ് ഡി.ബി കോളേജിൽ ഡിഗ്രി പഠനം നടത്തി. അതിനു ശേഷം മുളന്തുരുത്തിയിൽ സ്വന്തമായി ഇഗ്നേഷ്യസ് പ്രസ്സ് നടത്തിയിരുന്നു. ഡേവിഡ് വിവാഹം കഴിച്ചിരുന്നത് ആലുങ്കൽ ശ്രീ. ഏ ഏ സ്ലീബായുടെയും ഏലിയാമ്മയു ടെയും മൂത്ത മകൾ മിനിയെയാണ്. അവർക്ക് രണ്ട് ആൺമക്കൾ. എൽദോ ഡേവിഡ്, എമിൽ ഡേവിഡ്.

പെട്ടെന്നുണ്ടായ അസുഖത്തെ തുടർന്ന് ശ്രീ. ഡേവിഡ് 11/12/2023-ൽ കർത്തൃസന്നിധി യിലേക്ക് വിളിക്കപ്പെട്ടു. സംസ്കാരം കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ നടന്നു.

ഏ.എഫ്.എഫ് പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ശ്രീ. കെ പി മാത്യു**



പുത്തൻകുരിശ് കാവനാൽ പത്രോസിന്റെയും കൊച്ചുവിത്തയുടെയും രണ്ടാമത്തെ മകനായി ശ്രീ. മാത്യു 1936-ൽ കുരീക്കാട് ആലുങ്കൽ കുടുംബത്തിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം കടുംഗമംഗലത്തും എസ്എസ്എൽസി പഠനം തൃപ്പൂണിത്തുറ ബോയ്സ് ഹൈസ്കൂളിലും നടന്നു. നന്നേ ബാല്യത്തിൽ മാതാപിതാക്കളെ നഷ്ടമായതുകൊണ്ട് രണ്ടു സഹോദരന്മാർക്കൊപ്പം ആലുങ്കൽ കുടുംബത്തിന്റെ പൂർണ്ണ സംരക്ഷണത്തിലും കരുതലിലും ആയിരുന്നു കുരീക്കാടും കടുംഗമംഗലത്തുമായുള്ള മുന്നോട്ടുള്ള ജീവിതം.

18-ാം വയസ്സിൽ ശ്രീ. മാത്യു കൊച്ചിൻ കമേഴ്സ്യൽ ബാങ്കിലും തുടർന്ന് കാനറാ ബാങ്കിലുമായി സ്തുത്യർഹമായി ജോലിചെയ്തു. 1995-ൽ ചീഫ് സൂപ്പർവൈസർ തസ്തികയിൽ വിരമിച്ചു. അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി. ശലോമി പിറവം നീലാങ്കൽ കുടുംബാംഗമാണ്. ചേച്ചി, പിറവം എം.കെ.എം ഹൈസ്കൂളിൽ ടീച്ചറായി സേവനം ചെയ്തു വിരമിച്ചു.

മാത്യു-ശലോമി ദമ്പതികൾക്ക് രണ്ടു പെൺകുട്ടികൾ. മൂത്തമകൾ ദീപ ബാംഗ്ലൂരിൽ കൈരളി നികേതൻ എഡ്യുക്കേഷൻ ട്രസ്റ്റിൽ കമേഴ്സ് വിഭാഗം ലെക്ചറർ ആണ്. ഭർത്താവ് ഡോ. ബെന്നി ജോർജ് ഡിആർഡിഒയിൽ സീനിയർ സയന്റിസ്റ്റ് ആയി ജോലി ചെയ്യുന്നു. ഇളയമകൾ ദീപ്തി കാഞ്ഞങ്ങാട് വിഎച്ച്എസ്സിയിൽ അദ്ധ്യാപികയായും ഭർത്താവ് ശ്രീ. അനീഷ് ജേക്കബ് സൗദിയിൽ സീനിയർ എഞ്ചിനീയറായും ജോലി ചെയ്യുന്നു.

ശ്രീ. മാത്യു കുറച്ചു നാളുകളായി ശാരീരിക ബുദ്ധിമുട്ട് കൊണ്ട് ഭാര്യയുടെയും ഇളയമകളുടെയും സംരക്ഷണത്തിൽ കോട്ടയത്തുപാറയിലെ തന്റെ വസതിയിൽ കഴിയുകയായിരുന്നു. 2024 മാർച്ച് 24-ന് ശ്രീ. മാത്യു കർതൃസന്നിധിയിലേക്ക് മാറ്റപ്പെട്ടു. പിറ്റേദിവസം മാർച്ച് 25-ന് വൈകിട്ട് അഭിവന്ദ്യ മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ നടത്തിയ ശുശ്രൂഷകൾക്കു ശേഷം കണ്ടനാട് സെന്റ് മേരീസ് കത്തീഡ്രൽ സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

പരേതന്റെആത്മാവിന് ഏ.എഫ്.എഫ്-ന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

---

**അനുഭവങ്ങളിലൂടെ...........**

**സാനുബ കുര്യൻ**

ഒരാൾക്ക് എന്തെങ്കിലും ശ്രേഷ്ഠത ഉണ്ടെങ്കിൽ അത് അയാളുടെ രീതികൾക്കും സ്വഭാവ വിശേഷതകൾക്കും അനുസൃതമായി മറ്റുള്ളവരോട് ഇടപഴകാനുള്ള കഴിവാണ് എന്നതാണ് പൊതു തത്വം. അതിന് ചെലപ്പോഴൊക്കെ സ്വയം അടിച്ചമർത്തേണ്ടി വന്നേക്കാം. സുഖമുള്ള കാര്യമല്ല, എന്നാലും അത് ആവശ്യമാണ്. നേതൃസ്ഥാനത്തുള്ളവർ മറ്റുള്ളവരെ നയിക്കേണ്ടത് എപ്പോഴും ആവശ്യവുമാണ്, അതും സ്നേഹത്തോടെ.

കിംവദന്തികളും അപവാദങ്ങളും പ്രചരിപ്പിക്കുന്ന ഒരാളിൽ നിന്നും അത് മറ്റൊരാളിലേക്ക് എത്തുമ്പോൾ പൊടിപ്പും തൊങ്ങലുമായി വിഷയം വികസിച്ചുകൊണ്ടിരിക്കും എന്നത് വസ്തുതയാണ്. കിംവദന്തികൾ പരന്നു വ്യാപിക്കുക തന്നെ ചെയ്യും. കേഴ്ക്കുന്നവരെല്ലാം അത് അൽപം വിപുലപ്പെടുത്തി മറ്റു ചെവികളിലേക്കും പകരുന്നു.

ഈ ലോകത്തിൽ അനീതി രണ്ടു തരം. ബലവാന്റെ മുഷ്കിന്റെ ഫലം ഒന്ന്. അതിനിരയാകുന്ന ബലഹീനർ നിലനിൽപ്പിനായി ചെയ്യുന്ന അനീതി മറ്റൊന്ന്.

ബലവാന്റെ അനീതി അഹങ്കാരം മൂലമാണ്. ബലമുണ്ടെന്നു വച്ച് അനീതി ചെയ്യരുത്. കാരണം അപ്പോൾ ബലമില്ലെന്ന ന്യായത്തിൽ മറ്റുള്ളവരും അനീതി ചെയ്യാൻ നിർബന്ധിതരാകും. ലോകം നീതിരഹിതമായി ഭവിക്കുകയും ചെയ്യും.

---

**അലാനാ അരുൺ**

**കവിത**

**യേശുനാഥാ!**



**നല്ലവനാം യേശു നാഥാ**
**നീ ചെയ്ത നന്മ ഓർത്ത്**
**നിന്നെ ഞാൻ സ്തുതിക്കുന്നു**
**നീ എന്റെ ജീവൻ, നീ എന്റെസ്നേഹം**
**നീ എന്റെ രാജൻ, നീ എന്റെ രക്ഷ**
**സ്തുതിച്ചിടാം യേശു നാഥനെ**
**സ്തുതിച്ചിടാം സ്നേഹ നാഥനെ**
**സ്തുതിച്ചിടാം അവനെ നമ്മൾ**
**നല്ലവനാം യേശു നാഥാ.**

### ഒരു നല്ല രാജകുമാരി - ചെറുകഥ

രാജകുമാരി "നിത്യാന" ഒരു ദയാലുവാണ്. ഒരു പാവം പ്രാവിനെ പോലെ. ഒരു ദിവസം അവൾ ഒരു കൂട്ടം ഉറുമ്പുകളെ കണ്ടു. മഴക്കാലത്ത് പുഴയിലൂടെ നടക്കാൻ കഷ്ടപ്പെടുകയായിരുന്നു. അവൾ താഴെ ഉണങ്ങിക്കിടന്ന ഇലകൾ എടുത്ത് നദിയിലേക്ക് എറിഞ്ഞു. ഉറുമ്പുകൾ ഇലയിൽ ഒരുവിധം പിടിച്ചുകയറി അവരുടെ വീട്ടിലേക്ക് സുരക്ഷിതരായി പോയി. ദിവസങ്ങൾ കടന്നുപോയി. രാജാവ് ഒരു മത്സരം നടത്താൻ തീരുമാനിച്ചു. വരിവരിയായി ഓരോ രാജകുമാരന്മാർ നിൽക്കണം. രാജകുമാരി നോക്കിയപ്പോൾ താൻ രക്ഷിച്ച ഉറുമ്പ് നിൽക്കുന്നു. സേവകന്മാർ ഒരു പന്ത് രാജകുമാരിയുടെ കയ്യിൽ കൊടുത്തു. രാജകുമാരി ആ ഉറമ്പ് ആരാണെന്ന് അറിയാൻ ആ പന്ത് ഉറുമ്പിന്റെ അടുത്ത് എറിഞ്ഞു. ഉറുമ്പിന് സന്തോഷമായി. രാജാവിനും സന്തോഷമായി. കാരണം ആ ഉറുമ്പ് രാജാവിന്റെ കൂട്ടുകാരനായ അടുത്ത രാജ്യത്തെ രാജാവിന്റെ മകനായിരുന്നു. അത് ഒരു മന്ത്രവാദിയുടെ മന്ത്രം കൊണ്ട് ഉറുമ്പായി മാറിയതാണ്. അന്ന് മന്ത്രവാദിനി, ഒരു മാന്ത്രിക പന്തുകൊണ്ട് എറിഞ്ഞാൽ അവൻ ശരിക്കുള്ള രാജകുമാരനായി മാറുമെന്ന് പറഞ്ഞിരുന്നു. അവനാണ് രാജകുമാരൻ "ഹെൻറി". രാജകുമാരന്റെ യഥാർത്ഥ രൂപം രാജകുമാരിക്ക് ശരിക്കും ഇഷ്ടമായി. അങ്ങനെ അവർ കല്ല്യാണം കഴിച്ച് സന്തോഷമായി ജീവിച്ചു.

---

### നേട്ടം

നമ്മുടെ ബഹുമാന്യനായ പ്രസിഡന്റ് പ്രൊഫ. (ഡോ) സുരേഷ് മാത്യുവിന്റെ മകൾ ഹർഷ സുരേഷ് മാത്യു കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്സസിന്റെ (KUHS) കീഴിലെ ബിലീവേഴ്സ് മെഡിക്കൽ കോളേജിൽ നിന്നും 2023 വർഷം എം.ബി.ബി.എസ് ബിരുദം ഒന്നാം ക്ലാസ്സോടെ വിജയിച്ചു. ഉപരിപഠനത്തിന് തയ്യാറെടുക്കുന്നു. പ്രിയപ്പെട്ട ഹർഷമോൾക്ക് ഏ.എഫ്.എഫിന്റെ അനുമോദനങ്ങളും ആശംസകളും അർപ്പിക്കുന്നു.

---

### അനുമോദനം

ആലുങ്കൽ (താഴത്ത്) പരേതനായ ശ്രീ. ഏ ഐ കുര്യന്റെ മകൻ ഡോ. ആൽബി ആനന്ദ് കുര്യന്റെ "The Laggard's Lock" എന്ന ലേഖനം ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സ് ഈയിടെ പ്രസിദ്ധീകരിച്ചു. ഡോ. ആൽബി ഇപ്പോൾ യുകെയിലെ എക്സ്റ്റർ ബിസിനസ് സ്കൂളിലെ മാർക്കറ്റിംഗ് & ഇന്റർനാഷണൽ ബിസിനസ് ഗ്രൂപ്പിൽ സീനിയർ ലെക്ചറർ ആണ്. അദ്ദേഹത്തിന് ഏ.എഫ്.എഫിന്റെ അനുമോദനങ്ങൾ അർപ്പിക്കുന്നു.

---

### വരിസംഖ്യ

അമേരിക്കയിൽ പരേതനായ കരോട്ട് പ്രൊ. ഏ ഓ മത്തായിയുടെ മക്കൾ ആലുങ്കൽ ഫാമിലി ഫെലോഷിപ്പിന് വരിസംഖ്യയായി 24000 രൂപ എതാനും മാസം മുമ്പ് അയച്ചു തരികയുണ്ടായി. ടി കുടുംബത്തിന് ഏ.എഫ്.എഫിന്റെ അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

---

### മെഡിക്കൽ എൻഡോവ്മെന്റ്

പടിഞ്ഞാറെ തുരുത്തേൽ അഡ്വ. അബ്രാഹാം പീറ്ററിന്റെ ഭവനത്തിൽ നിന്നും രണ്ടു ലക്ഷം രൂപ (2,00,000/ രൂപ മാത്രം) മെഡിക്കൽ എൻഡോവ്മെന്റ് സ്കീമിലേക്ക് സംഭാവന ലഭിക്കുകയുണ്ടായി. വാങ്ങിപ്പോയ ശ്രീമതി. അച്ചാമ്മ പീറ്ററിന്റെയും മിസ്. ഷീജ പീറ്ററിന്റെയും പേരിൽ ഓരോ ലക്ഷം രൂപ വീതമായിട്ടാണ് ഈ തുക തന്നിരിക്കുന്നത്. അഡ്വ. അബ്രാഹാം പീറ്ററിനോടും കുടുംബത്തോടുമുള്ള ഏ.എഫ്.എഫിന്റെ നന്ദിയും സ്നേഹവും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു

---

### *Concluding remarks*

*With a bouquet of gratitude, I remember all those persons who have extended their efforts, both physical and intellectual, in bringing this edition of our Newsletter to life after an interruption due to various reasons beyond our control. I also appreciate the interest and dedication bestowed on the editorial team from all quarters of AFF to make the dream come true. I sincerely extend our unblemished gratitude to all those who have participated in this endeavour.*

***K V Mohandas, For and on behalf of the Editorial Team***